മാതൃഭൂമി

2013 നവംബർ 20 ബുധനാഴ്ച | 1189 വൃശ്ചികം 5

www.mathrubhumi.com

Mathrubhumi, The National Daily in Malayalam

Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Alappuzha ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi ◆ Dubai

വില: ₹ 5.00

മലപ്പുറം ◆ പേജ് 16

## 'ശ്രദ്ധ'യുടെ കാരുണ്യകരം നീണ്ടു;

# 18 വർഷത്തിന് ശേഷം സേതുമാധവൻ നാട്ടിലെത്തി

**പെരിന്തൽമണ്ണ:** 'ശ്രദ്ധ' റിഹാബിലിറ്റേഷൻ ഫൗണ്ടേഷനിൽ സ്വന്തം വിലാസം എഴുതിക്കൊടുക്കുമ്പോൾ ജനിച്ചുവളർന്ന നാട്ടിലേക്കും വീട്ടുകാരിലേക്കുമുള്ള വഴി സേതുമാധവന് മുന്നിൽ തുറക്കുകയായിരുന്നു. മുംബൈയിലെ തെരുവിൽ അലഞ്ഞ 18 വർഷങ്ങൾക്ക് വിട നൽകി സേതുമാധവൻ തിരികെയെത്തുമ്പോൾ പെരിന്തൽമണ്ണ ആലിപ്പറമ്പ് കാളികാവ് പുത്തൻവീട്ടിൽ തിരികെ ലഭിച്ചത് നഷ്ടപ്പെട്ട സന്തോഷം.



സേതുമാധവൻ(വലത്തേ അറ്റം)സഹോദരങ്ങൾക്കും 'ശ്രദ്ധ' പ്രതിനിധികൾക്കുമൊപ്പം പെരിന്തൽമണ്ണ പോലീസ്‌സ്റ്റേഷനിൽ

പരേതനായ ഗോപാലൻ നായരുടെയും മീനാക്ഷിക്കുട്ടി അമ്മയുടെയും മകനായ ഈ നാവികസേനാംഗത്തെ 1995 ലാണ് കാണാതാകുന്നത്. ഏറെക്കാലത്തെ അന്വേഷണങ്ങൾ വഴിമുട്ടിയപ്പോൾ പ്രതീക്ഷയറ്റ നിലയിലായിരുന്നു അവിവാഹിതനായ സേതുമാധവന്റെ കുടുംബം. നാവികസേനയിൽ ജോലിചെയ്യുന്നതിനിടെയാണ് ചെറിയതോതിൽ മാനസികാസ്വാസ്ഥ്യം തുടങ്ങിയത്. ആരോടും പറയാതെ ജോലിസ്ഥലത്തുനിന്ന് പോയ സേതുമാധവനെ സേന കണ്ടെത്തുകയും ശിക്ഷാനടപടിയെന്ന നിലയ്ക്ക് ആൻഡമാനിലേക്ക് സ്ഥലം മാറ്റുകയും ചെയ്തു. ഇതോടെ അസ്വാസ്ഥ്യം കൂടി. തുടർന്ന് സേന മുൻകൈയെടുത്ത് വായുസേനയുടെ ആസ്പത്രിയിലും നിംഹാൻസിലും ചികിത്സ നൽകിയതിന് ശേഷം വീട്ടിലേക്കയച്ചു. 18 വർഷം മുമ്പ് പെട്ടെന്നൊരുദിവസം വീട്ടിൽനിന്ന് ഈ 48-കാരനെ കാണാതാവുകയായിരുന്നു. വീട്ടുകാർ നടത്തിയ അന്വേഷണങ്ങൾ ഫലം കണ്ടതുമില്ല.

ഇക്കഴിഞ്ഞ ആഗസ്റ്റ് 23-നാണ് മുംബൈയിലെ ചർച്ച്ഗേറ്റ് റെയിൽവേസ്റ്റേഷൻ പരിസരത്തുനിന്ന് അവശനിലയിൽ ഇദ്ദേഹത്തെ 'ശ്രദ്ധ' റിഹാബിലിറ്റേഷൻ ഫൗണ്ടേഷൻ പ്രവർത്തകർ കണ്ടെത്തിയത്.

ഇവർ നൽകിയ ചികിത്സയെത്തുടർന്ന് സംസാരശേഷിയും ആരോഗ്യവും വീണ്ടെടുത്ത സേതുമാധവനോട് വിലാസം അന്വേഷിച്ചപ്പോൾ എഴുതി നൽകി. ഇതാണ് വീട്ടുകാരെ കണ്ടെത്താൻ സഹായകമായത്. തുടർന്ന് പിൻകോഡ് പ്രകാരം അന്വേഷിച്ച് പെരിന്തൽമണ്ണ പോലീസ്‌സ്റ്റേഷനുമായി ബന്ധപ്പെട്ടു. ആൾ ഇതുതന്നെയാണെന്ന് ഉറപ്പാക്കിയ ശേഷം ചൊവ്വാഴ്ച വൈകീട്ട് മൂന്നുമണിയോടെ പെരിന്തൽമണ്ണയിലെത്തിക്കുകയായിരുന്നു. 'ശ്രദ്ധ'യുടെ സൈക്യാട്രിക് കോ-ഓർഡിനേറ്ററും മലയാളിയുമായ കോട്ടയം സ്വദേശി ഡെനിറ്റ് മാത്യു, സോഷ്യൽ വർക്കർ വിജയ് ഭവമനെ എന്നിവരാണ് സേതുമാധവനെ പെരിന്തൽമണ്ണയിൽ എത്തിച്ചത്. തുടർന്ന് സഹോദരങ്ങളായ ഷൺമുഖരാജ്, സത്യനാരായണൻ എന്നിവർ സ്റ്റേഷനിലെത്തി സേതുമാധവനെ സ്വീകരിച്ചു. കടുങ്ങപുരത്തുള്ള അമ്മ മീനാക്ഷിക്കുട്ടി അമ്മയുടെ അടുത്തേക്കാണ് ആദ്യം പോയത്. 18 വർഷത്തെ കാത്തിരിപ്പിന്റെ വിരാമം സന്തോഷാശ്രുവിൽ അലിഞ്ഞു.